# കാർഷിക മേഖലയിലെ ആദ്യ ഹൈപ്പർ മാർക്കറ്റ് തുറന്നു

Mathrubhumi 17.12.17

**കാർഷിക മേഖലയ്ക്ക് ആവശ്യമായവ എല്ലാം ലഭ്യം**

**രണ്ട് നിലകളിൽ, രണ്ടരക്കോടി ചെലവിൽ**



തൃശ്ശൂരിൽ ആഗ്രോ ഹൈപ്പർ ബസാർ ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ സ്റ്റേജിലൊരുക്കിയ മാവിൻ തൈയ്യ് വെള്ളമൊഴിക്കുന്നു

**തൃശ്ശൂർ** ▸ വിഷം തീണ്ടിയ മറുനാടൻ പച്ചക്കറികൾ ഇല്ലാതാക്കാൻ സ്വയംപര്യാപ്തതമാത്രമാണ് മാർഗമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിനുള്ള കാലം വിദൂരമല്ല.

കൃഷിവകുപ്പിനുകീഴിലുള്ള സംസ്ഥാനത്തെ ആദ്യത്തെ അഗ്രോ ഹൈപ്പർ ബസാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

കർഷകർ മിക്കപ്പോഴും നിസ്സഹായരാണ്. തുടർന്നു കൃഷിചെയ്യാനുതകുന്ന ന്യായവില പലപ്പോഴും കിട്ടുന്നില്ല. -മുഖ്യമന്ത്രി പറഞ്ഞു.

കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷനായി. വിദ്യാഭ്യാസമന്ത്രി സി. രവീന്ദ്രനാഥ്, കെ.വി. അബ്ദുൾഖാദർ എം.എൽ.എ., മേയർ അജിതാ ജയരാജൻ, കെയ്‌ക്കോ മാനേജിങ് ഡയറക്ടർ പി. സുരേഷ് ബാബു, ചെയർമാൻ സുൾഫിക്കർ മയൂരി തുടങ്ങിയവർ പ്രസംഗിച്ചു.

കൃഷിവകുപ്പ് തൃശ്ശൂരിൽ തുറന്നത് രാജ്യത്ത് പൊതുമേഖലയിലുള്ള ആദ്യത്തെ ഹൈപ്പർ ബസാർ. രണ്ട് നിലകളിലായി രണ്ടരക്കോടി ചെലവിട്ടാണ് യാഥാർഥ്യമാക്കിയത്. വ്യാപാരസമുച്ചയത്തിൽ കാർഷിക മേഖലയ്ക്കാവശ്യമായ എല്ലാമുണ്ട്. അത്യാധുനിക യന്ത്രങ്ങൾ മുതൽ പത്തുരൂപയുടെ വിത്തുകൾ വരെ. സാധാരണ ജനങ്ങൾക്ക് ആവശ്യമുള്ള അരി മുതൽ ജമ്മുവിലെ ഒറിജിനൽ കുങ്കുമപ്പൂ വരെ. പച്ചക്കറി മുതൽ ജൈവവളം വരെ. കേരളശ്രീ എന്നുപേരിട്ട അഗ്രോ ബസാറിൽ വിശാലമായ പാർക്കിങ് ഇടവുമുണ്ട്.

തൃശ്ശൂർ ചെമ്പൂക്കാവിൽ കാർഷിക ഓഫീസ് സമുച്ചയത്തിന്റെ ഭാഗമായാണ് ഹൈപ്പർ ബസാറും തുറന്നത്. അടുത്ത ബസാറുകൾ തിരുവനന്തപുരത്തും കോഴിക്കോടും യാഥാർഥ്യമാക്കുമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പറഞ്ഞു.

കൃഷിയുമായി ബന്ധപ്പെട്ട എല്ലാ ഇനങ്ങളും ഒരു കൂരക്കീഴിൽ കിട്ടുമെന്നതാണ് ഹൈപ്പർ ബസാറിന്റെ പ്രത്യേകത. സർക്കാർ സംരംഭമായതിനാൽ ഇടനിലക്കാരില്ല.

അതിനാൽ വിലക്കുറവുണ്ടാകും. കർഷകന് നേരിട്ട് ഉത്പന്നങ്ങൾ നൽകാനുള്ള അവസരവുമുണ്ട്. കർഷകരുടെ ഉത്പന്നങ്ങൾ കേടുകൂടാതെ സംഭരിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്.

സർക്കാറിന്റെ ഇതര വകുപ്പുകളുടെ ഉത്പന്നങ്ങളും ഇവിടെ ലഭിക്കും. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ് നടത്തിപ്പുചുമതല.

കൃഷിയുമായി ബന്ധപ്പെട്ട് ഇവിടെ ലഭ്യമല്ലാത്ത വസ്തുക്കളുണ്ടെങ്കിൽ രജിസ്റ്റർ ചെയ്താൽ താമസിയാതെ കിട്ടുന്നതിനുള്ള ഏർപ്പാടും ഇവിടെ നടപ്പാക്കിയിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ വികസിപ്പിച്ച അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളും കൃഷിയുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിനുള്ള വേദിയും കാർഷിക യന്ത്രങ്ങളുടെ സർവീസ് കേന്ദ്രവും ഇവിടെയുണ്ട്.

## അതീവ സുരക്ഷയിൽ പിണറായി

**തൃശ്ശൂർ** ▸ രാമനിലയത്തിൽനിന്നിറങ്ങുമ്പോൾ 14 വാഹനങ്ങളുടെ അകമ്പടിയുണ്ടായിരുന്നു മുഖ്യമന്ത്രിക്ക്. നൂറു മീറ്റർ അകലെയായിരുന്നു ചടങ്ങ്. കൃഷിവകുപ്പിന്റെ അഗ്രോ ഹൈപ്പർ ബസാർ ഉദ്ഘാടനം. പത്തിനായിരുന്നു ഉദ്ഘാടനച്ചടങ്ങ് തീരുമാനിച്ചത്.

കൃത്യം പത്തിനുതന്നെ മുഖ്യമന്ത്രി രാമനിലയത്തിൽ നിന്നിറങ്ങി. അതോടെ ഉദ്ഘാടന വേദി വരെയുള്ള ഗതാഗതം പോലീസ് തടഞ്ഞു.

അഗ്രോ ബസാറിൽ മുഖ്യമന്ത്രിയും സംഘവും കയറി അകമ്പടി വാഹനങ്ങൾ ഒതുക്കിയ ശേഷമാണ് ഗതാഗതം പുനഃസ്ഥാപിച്ചത്.

രാജ്യത്തെ പൊതുമേഖലയിലുള്ള ആദ്യ അഗ്രോ ബസാർ കാണാനും മുഖ്യമന്ത്രിയുടെ പ്രസംഗം കേൾക്കാനും ഒട്ടേറെപ്പേർ എത്തിയിരുന്നു. സുരക്ഷാസന്നാഹം കണ്ട് പലരും അമ്പരന്നു.

ഉദ്ഘാടനവേദിയുടെ 15 അടി അകലെ ഇരുമ്പ് ബാരിക്കേഡ് കെട്ടി ജനങ്ങളെ തടഞ്ഞു. സദസ്സിലേക്ക് കടക്കണമെങ്കിൽ പലതുണ്ട് കടമ്പ. മെ

റ്റൽ ഡിറ്റക്ടർ
കടക്കണം. ക
പോര.

രണ്ടാമതും
യന്ത്രം ഉപ
ശോധനസ്ഥ വ
കീശയിലുള്ള
റത്തെടുത്ത്
ബാഗ് പരി
വേറെ രണ്ട്
നിയോഗിച്ചു.

മുഖ്യമന്ത്രി
വഴിയും ഇരു
ഉപയോഗിച്ച്
പത്തടിയോള
ക്കുകയാണ്.

മാധ്യമങ്ങ
ഫോട്ടോഗ്രാ
യിൽ കയററു
നിർദേശമുണ്ട
ട്ടോഗ്രാഫർമാ
ത്താൻ ഇരു
യിരുന്നില്ല,
കൈകോർത്ത
പോലെ നിന്ന

മൂന്ന് മന്ത്രി
യിടത്ത് രണ്ടു
ട്ടീസിൽ മൂന്ന്
പേരുണ്ടായ
വന്നില്ല.

ജില്ലയിൽ
.എൽ.എ.മാ
ന്നാണ് നോട്ട
ന്നത്. ഒരാൾ
ത്. അദ്ദേഹമ
ടങ്ങുംമുമ്പ്
യും ചെയ്തു.